പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 28.09.2011-ന്
നിയമസഭാ ചോദ്യം നമ്പർ : 704 — മറുപടിക്ക്

**തൊണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജുപോൾ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കയറിന്റെയും കയറുല്പന്നങ്ങളുടെയും വ്യവസായം പ്രധാനമായി കേന്ദ്രീകരിക്കുന്ന ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ തൊണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യം പരിഹരിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഈ മൂന്ന് ജില്ലകൾക്കുമാത്രമായി പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ ഈ ജില്ലകളിൽ ഉൾപ്പെടെ ചകിരി ദൗർലഭ്യം പരിഹരിക്കാനും തൊണ്ട് സംഭരണം ശക്തമാക്കാനും കൂടുതൽ ചകിരി ഉല്പാദിപ്പിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മിനി ഡീഫൈബറിംഗ് മെഷീനുകൾ ആവശ്യമുള്ളവർക്ക് നൽകുന്നുണ്ട്. ചകിരി ദൗർലഭ്യം പരിഹരിക്കാൻ കയർഫെഡിനും ഫണ്ട് നൽകിയിട്ടുണ്ട്. |
| (ബി) : 1990-ൽ ഡോ.ടി. എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടാസ്ക് ഫോഴ്സ് നൽകിയ നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) 1990 -കാലഘട്ടത്തിലാണ് ഡോ.തോമസ് ഐസക്ക് ടാസ്ക്ക് ഫോഴ്സ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ഡോ.തോമസ് ഐസക്ക് ടാസ്ക്ക് ഫോഴ്സ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിവിധ റിപ്പോർട്ടുകൾ ചർച്ച ചെയ്ത് തയ്യാറാക്കിയ കയർ കമ്മീഷൻ റിപ്പോർട്ടിന്റെ നിർദ്ദേശങ്ങൾ കൂടെ കണക്കിലെടുത്തുള്ള പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത് |

| | |
|---|---|
| **(സി) മലബാറിലെ നാളികേരോൽപ്പാദനം കൂടുതലുള്ള പ്രദേശങ്ങളിൽ നിന്ന് തൊണ്ടും ചകിരിയും മധ്യ-തെക്കൻ ജില്ലകളിലേയ്ക്ക് എത്തിക്കുന്നതിന് ഒരു പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?** | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ